**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 115** **19-09-2025 - ൽ മറുപടിയ്ക്ക്**

**താമരശ്ശേരി ചുരം റോഡിലെ യാത്രാ പ്രശ്നം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എ. കെ. എം. അഷ്റഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തുടർച്ചയായുണ്ടാകുന്ന മണ്ണിടിച്ചിൽ മൂലം താമരശ്ശേരി ചുരത്തിലൂടെ വയനാട്ടിലേക്കും തിരിച്ചുമുള്ള യാത്രയ്ക്ക് ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | താമരശ്ശേരി ചുരത്തിലെ തുടർച്ചയായുണ്ടാകുന്ന മണ്ണിടിച്ചിലിനെപ്പററി പരിശോധിക്കുന്നതിനായി NIT മുഖാന്തിരം പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ഉടനെ ലഭ്യമാകുന്നതാണ്. |
| (ബി) | ചുരത്തിലെ കൊടുംവളവുകൾ വീതി കൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | താമരശ്ശേരി ചുരത്തിലെ 6,7,8 വളവുകൾ വീതികൂട്ടുന്നതിനായുള്ള പ്രവൃത്തി ടെൻഡർ നടപടികൾ കഴിഞ്ഞു EPCമോഡിൽ എഗ്രിമെന്റ് വെച്ചിട്ടുള്ളതാണ്. |
| (സി) | മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മണ്ണിടിച്ചിലിനെപ്പററി പരിശോധിക്കുന്നതിനായി NIT മുഖാന്തിരം പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ചുരം പാതയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | താമരശ്ശേരി ചുരം റോഡിലെ ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് ആനക്കാംപൊയിൽ -കളാടി - മേപ്പാടി തുരങ്കപാത. കേരള പൊതുമരാമത്ത് വകുപ്പാണ് പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് പ്രൊപ്പോണന്റ്. KIIFB ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)-കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡാണ് (KCRL). കോഴിക്കോട് ജില്ലയിലെ ആനക്കാംപൊയിലിൽ നിന്നാരംഭിച്ച് വയനാട് ജില്ലയിലെ മേപ്പാടിയിൽ എത്തിച്ചേരുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2134 കോടി രൂപ അടങ്കൽ വരുന്ന ഈ പദ്ധതിയുടെ ആകെ നീളം 8.735 കിലോമീറ്ററും ഇതിൽ ഉൾപ്പെട്ട തുരങ്കത്തിന്റെ നീളം 8.11 കിലോമീറ്ററും ആണ്. ഈ പദ്ധതിയിൽ ഉൾപ്പെട്ട തുരങ്കനിർമ്മാണത്തിന്റെ കരാർ M/s. Dilip Buildcon Ltd. എന്ന സ്ഥാപനം 24/07/2025 |

| | | | |
|---|---|---|---|
| | | | തിയ്യതിയിൽ KR/PD-I/NP/AKMTR/EPC/Pkg-lI/02-2023/Vol-HV കരാർ നമ്പർ പ്രകാരം ഒപ്പ് വെച്ചിട്ടുണ്ട്. അനുബന്ധ റോഡുകളുടേയും പാലത്തിന്റേയും ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ഉദ്ഘാടനം 31/08/2025 തിയ്യതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന മറ്റൊരു പാതയായ പൂഴിത്തോട് പടിഞ്ഞാറത്തറ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്, ആയതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നു വരുന്നു. കോഴിക്കോട് ജില്ലയിലും വയനാട് ജില്ലയിലും വനം അല്ലാത്ത ഭാഗത്ത് ജിപിഎസ് സർവ്വേയും, വനത്തിനുള്ളിൽ Lidar cum Drone സർവ്വേകളും നടത്തിയിട്ടുണ്ട്. അലൈൻമെന്റ് പ്ലാൻ തയ്യാറാക്കി വരുന്നു. അലൈൻമെന്റ് അംഗീകരിച്ചശേഷം , ഡിപിആർ തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിക്കാൻ സാധിക്കും.<br><br>ചുരം പാതയിലെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കാണുവാൻ ചിപ്പിലിത്തോട് - വയനാട് റോഡ് ഉൾപ്പെടുന്ന 4 വരി പാതയുടെ DPR നുള്ള ടെണ്ടർ നടപടികൾ കേന്ദ്രഉപരിതല ഗതാതഗ വകുപ്പ് മുഖാന്തിരം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ